31
ഒക്ടോബർ
2024 വ്യാഴം
1200 തുലാം 15

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

113 വർഷങ്ങൾ
4 തലമുറകൾ

പത്തനംതിട്ട

"നീതിമാന്റെ ഓർമ്മ
വാഴ്‌വിനായ് തീരട്ടെ..."

പരി. പരുമല തിരുമേനിയുടെ

122-ാം ഓർമ്മ പെരുന്നാൾ

നവംബർ 1, 2 തീയതികളിൽ

പരി. ബസേലിയോസ് മാർത്തോമ്മ മാത്യൂസ്
തൃതീയൻ കാതോലിക്ക ബാവ



ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്ത



റമ്പാൻ കെ.വി. പോൾ
(സെമിനാരി മാനേജർ)

ഫാ. ഡോ. തോമസ് വർഗീസ്
അമയിൽ
(വൈദീക ട്രസ്റ്റി)

റോണി വർഗീസ് എബ്രഹാം
(ആത്മായ സെക്രട്ടറി)



അഡ്വ. ബിജു ഉമ്മൻ
(അസോസിയേഷൻ സെക്രട്ടറി)

വിശുദ്ധിയുടെ ദേവാലയം

മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ 119-ാമത് ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന ഈ വേളയിൽ ആ പരിശുദ്ധ പിതാവിനെ അനുസ്മരിച്ചുകൊണ്ട് ചിലകാര്യങ്ങൾ സമർപ്പിക്കുകയാണ്. മലങ്കര സഭാമക്കൾ ഈ ലോകത്തെവിടെയെല്ലാം ജീവിക്കുന്നുവോ അവിടെയെല്ലാം ഈ പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാൾ ആചരിക്കുന്നു. മാനവരാശിയുടെ വിശുദ്ധിയുടെ പ്രതീകമായി ഈ പിതാവ് ഇന്നും ജീവിക്കുന്നു എന്നുള്ള പരമമായ സത്യമാണ് പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാളിലേക്ക് നമ്മെ നയിക്കുന്നത്.

മുളന്തുരുത്തിയിൽ ചാത്തുരുത്തി കുടുംബത്തിൽ കൊച്ചുമത്തായിയുടെയും മറിയാമ്മയുടെയും മകനായി 1848 ജൂൺ 15ന് ജനിച്ച ഈ പിതാവ് മലങ്കര സഭയുടെ പരിശുദ്ധന്മാരുടെ ആദ്യസ്ഥാനത്തേക്ക് എത്തിപ്പെട്ടത് ദൈവസന്നിധിയിൽ തന്നെതന്നെ സമർപ്പിച്ച് ജീവിച്ചതുമൂലമാണ്. 1902 നവംബർ 2-ാം തീയതി കാലം ചെയ്യുമ്പോൾ പിതാവിന് 54 വയസ് മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. അന്ന് വാഴിക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ പ്രായം കുറവായതിനാൽ പരുമല കൊച്ചുതിരുമേനി എന്നറിയപ്പെട്ടു.

ക്രിസ്തുവിനെ ജീവിതസാക്ഷിയായി അനുകരിച്ച പരിശുദ്ധനാണ് പരുമല തിരുമേനി. പ്രാർത്ഥനാ ജീവിതംകൊണ്ടും മനുഷ്യസ്നേഹംകൊണ്ടും ക്രിസ്ത്യാനുരൂപിയായി തീർന്ന വറ്റാത്ത ആത്മീയ സ്രോതസാണ് പരിശുദ്ധ പരുമല തിരുമേനി.

കേരളകൗമുദി
പത്തനംതിട്ട

പ്രാർത്ഥനയിൽ വേരൂന്നിയ ജീവിതം

ഡോ.യൂഹാനോൻ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത

പരിശുദ്ധനായ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് എന്നറിയപ്പെടുന്ന പരുമല തിരുമേനി തന്റെ പ്രാർത്ഥനാ കേന്ദ്രീകൃത ജീവിതത്തിന് ഏറെ ആദരണീയനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം തന്നെ 1 തെസ്സലൊനീക്യർ 5:17ൽ പറയുന്ന 'ഇടവിടാതെ പ്രാർത്ഥിക്കുക' എന്ന വചനത്തിന്റെ സാക്ഷ്യമായിരുന്നു. തിരുമേനിയെ സംബന്ധിച്ചിടത്തോളം, പ്രാർത്ഥന ഒരു ഒരു ചടങ്ങായിരുന്നില്ല, മറിച്ച് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും രൂപപ്പെടുത്തിയ ദൈവവുമായുള്ള നിരന്തരമായ കൂട്ടായ്മയായിരുന്നു.

തിരുമേനിയുടെ ദിനം പ്രാർത്ഥനയോടെ ആരംഭിച്ച് പ്രാർത്ഥനയോടെ അവസാനിക്കുന്നതായിരുന്നു. തീവ്രമായ പ്രാർത്ഥനയ്ക്കായി അദ്ദേഹം പ്രത്യേകം മണിക്കൂറുകൾ നീക്കിവച്ചു, പലപ്പോഴും ദൈവത്തോടൊപ്പം സമയം ചെലവഴിക്കാൻ അതിരാവിലെ എഴുന്നേറ്റിരുന്നു. എല്ലാ ആത്മീയ ശക്തിയുടെയും അടിസ്ഥാനം പ്രാർത്ഥനയാണെന്ന അദ്ദേഹത്തിന്റെ ആഴത്തിലുള്ള ബോധ്യത്തെ തിരുമേനിയുടെ അച്ചടക്കത്തോടെയുള്ള പ്രാർത്ഥനാ ജീവിതശൈലിയിൽ പ്രതിഫലിപ്പിച്ചു.

തിരുമേനിയുടെ പ്രാർത്ഥനാ ജീവിതം അസാധാരണമായ തീവ്രത കൊണ്ട് അടയാളപ്പെടുത്തിയവയായിരുന്നു. തനിക്കു വേണ്ടി മാത്രമല്ല, പരിശുദ്ധ സഭയിലെയും ലോകമെമ്പാടുമുള്ള ആളുകൾക്കുവേണ്ടിയും അദ്ദേഹം മദ്ധ്യസ്ഥത വഹിക്കുകയും ദീർഘനേരം പ്രാർത്ഥനയിൽ ചെലവഴിക്കുകയും ചെയ്യുതിരുന്നു എന്ന് ആ പരിശുദ്ധന്റെ ജീവചരിത്രം ഉറപ്പിച്ചു പറയുന്നു. മധ്യസ്ഥ പ്രാർത്ഥനയുടെ ശക്തിയിൽ അദ്ദേഹം വിശ്വസിച്ചു, ' നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു' എന്ന വി.യാക്കോബ് 5:16ലെ പഠിപ്പിക്കൽ അനുസരിച്ച്, തന്റെ ജീവിത കാലത്തു പ്രാർത്ഥിച്ച ഇഹലോകജീവിതം കഴിഞ്ഞിട്ടും ഇന്നു പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയിലൂടെ മറ്റുള്ളവർക്കുള്ള തിരുമേനി ഒരു പരിശുദ്ധനും മദ്ധ്യസ്ഥനും ആയി, അദ്ദേഹത്തിന്റെ പ്രാർത്ഥനയിലൂടെ അനേകർക്ക് രോഗശാന്തിയും മനപരിവർത്തനവും നടക്കുന്നു. ഇതിന്റെ ഉത്തമ തെളിവാണ് ആ കബറിൽ എത്തിചേരുന്ന ലക്ഷകണക്കിനുള്ള ആളുകൾ.

പരുമല തിരുമേനിയുടെ പ്രാർത്ഥനാ ജീവിതത്തിന്റെ പൈതൃകം മലങ്കര സഭയിലും അതിനപ്പുറവും വിശ്വാസികളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. നിരന്തരമായ പ്രാർത്ഥന, ധ്യാനം, ആത്മത്യാഗം എന്നിവയിലൂടെ ദൈവവുമായി ഒരു അടുത്ത, വ്യക്തിപരമായ ബന്ധം നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ മാതൃക വിശ്വാസികളെ ഓർമിപ്പിക്കുന്നു.

പരുമല തിരുമേനിയുടെ പ്രാർത്ഥനാ ജീവിതത്തിന്റെ പൈതൃകം മലങ്കര സഭയിലും അതിനപ്പുറവും വിശ്വാസികളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. നിരന്തരമായ പ്രാർത്ഥന, ധ്യാനം, ആത്മത്യാഗം എന്നിവയിലൂടെ ദൈവവുമായി ഒരു അടുത്ത, വ്യക്തിപരമായ ബന്ധം നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ മാതൃക വിശ്വാസികളെ ഓർമിപ്പിക്കുന്നു. ഫിലിപ്പിയർ 4:7 ലെ വാക്കുകൾ അനുരണനം ചെയ്യുന്ന പ്രാർത്ഥനയ്ക്ക് എങ്ങനെ രൂപാന്തരപ്പെടുത്താനും വിശദീകരിക്കാനും കഴിയും എന്നതിന്റെ ഒരു മാതൃകയായി അദ്ദേഹത്തിന്റെ ജീവിതം നിലനിൽക്കുന്നു .പരുമല തിരുമേനിയുടെ ജീവിതം അച്ചടക്കവും ഹൃദയംഗവുമായ പ്രാർത്ഥന ജീവിതത്തിന്റെ ശക്തിയുടെ പ്രചോദനാത്മകമായ ഓർമ്മപ്പെടുത്തലാണ് .പ്രാർത്ഥനയുടെ ജീവിതത്തിൽ നിന്ന് ലഭിക്കുന്ന സമാധാനവും ശക്തിയും കൃപയും അനുഭവിക്കാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്ന ആഴത്തിലുള്ള ഭക്തിയുടെയും പ്രതിബന്ധതയുടെയും ജീവിതത്തിലേക്ക് വിശ്വാസികളെ വിളിക്കുന്നത് അദ്ദേഹത്തിന്റെ മാതൃക തുടരുന്നു.ദൈവം ഏവരെയും ആ പരിശുദ്ധന്റെ പ്രാർത്ഥനയാണ്സഹായിക്കട്ടെ.

പരുമല പദയാത്രകളുടെ ഉത്ഭവം തിരുവല്ല എം.ജി എം സ്കൂളിൽ നിന്ന്

പരുമല കബറിടത്തിലേക്കുള്ള പ്രഥമ പദയാത്രയെ പറ്റി 1903 നവംബർ പതിനൊന്നാം തീയതിയിലേതായി പ്രമുഖ പത്രത്തിൽ ലേഖന രൂപത്തിൽ വന്ന റിപ്പോർട്ടിന്റെ അവസാനത്തിൽ ഇപ്രകാരം പറയുന്നു:'തിങ്കളാഴ്ചത്തെ പ്രസംഗത്തിന്റെ മദ്ധ്യത്തിൽ മാർ ഗ്രീഗോറിയോസ് സ്മാരക ഹൈസ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും സെമിനാരിയിൽ വരികയും മെത്രാപ്പോലീത്തന്മാരാലും മറ്റും താത്പര്യപൂർവ്വം കൈകൊള്ളപ്പെടുകയും ചെയ്യു'.

(പരുമലപ്പെരുന്നാൾമാർ ഗ്രീഗോറിയോസ് വിയോഗം പൊൻ ജൂബിലി സുവനീർ പരുമല സിമ്മനാരിയിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നത് പേജ് 38,39-1952).2003 നവംബർ രണ്ടിന് പരുമല സെമിനാരിയിൽ പ്രധാന പെരുന്നാൾ കുർബാനയോട് ചേർന്ന് നടത്തപ്പെട്ട ചടങ്ങിൽ വെച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ കാതോലിക്കാ ബാവാ തിരുമനസ്സ കൊണ്ട് പദയാത്രയുടെ ശതാബ്ദിസ്മാരകമായുള്ള ഉപഹാരം നൽകി പരുമല കബറിങ്കലേക്കുള്ള പ്രഥമ പദയാത്രയെ(തിരുവല്ല എം ജി എം സ്കൂളിനെ)ആദരിക്കുകയുണ്ടായി.

ദ്വിതീയ പദയാത്ര 1968 ൽ പരിശുദ്ധന്റെ ജന്മനാടായ മുളന്തുരുത്തി മാർത്തോമൻ പള്ളി ഇടവകയിൽ നിന്നും പരേതനായ ഇടപ്പങ്ങാട്ടിൽ കെ. ജെ കുര്യാക്കോസ് കത്തനാരുടെ നേതൃത്വത്തിൽ ആരംഭിച്ച പദയാത്രയാണ്. പിൽക്കാലത്തു വടക്കൻ മേഖലാ തീർത്ഥാടകസംഘമായി വിപുലീകരിക്കപ്പെട്ട മുളന്തുരുത്തി ഇടവകയുടെ പദയാത്രയാണ് മലങ്കരയിൽ ഇദംപ്രഥമമായി ഇടവക തലത്തിൽ സംഘാടനം ചെയ്യപ്പെട്ട പദയാത്ര.

കൈപ്പെട്ടൂർ പള്ളിയുടെ പദയാത്ര 1969 ൽ മാത്രമാണ് ആരംഭിച്ചത്.

കേരളത്തിലെ കിഴക്കൻ ദേവാലയങ്ങളുടെ സംയു ക്താഭിമുഖ്യത്തിൽ വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ ദേവാലയത്തിൽ നിന്നും 1987ലാണ് പദയാത്ര ആരംഭിക്കുന്നത്. അത്ഭുത സിദ്ധിയുള്ള കാട്ടുവള്ളി കുരിശുമേന്തിയാണ് തീർത്ഥാടകസംഘം പരുമല കബറിങ്കലേക്ക് കാൽന ടയാത്ര നടത്തുന്നത്. ഇടുക്കി, മലബാർ ഭദ്രാസന നുള്ള യുവജനപ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിലും പദയാത്ര സംഘടിപ്പിക്കുന്നുണ്ട്. ഇന്ന് നാനാജാതി മത സ്ഥരായ വിശ്വാസികളുടെ സംഗമഭൂമിയാണ് പരുമല പള്ളിയും, പുണ്യവാന്റെ കബറിടവും.

മലങ്കരയിലെ ദൈർഘ്യമേറിയ പദയാത്ര കണ്ണൂർ ജില്ലയിലെ കേളകം സെന്റ് തോമസ് ശാലേം പള്ളിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്. 11 ദിവസം നീണ്ടുനിൽക്കുന്ന പദയാത്ര 1994ലാണ് ആരംഭിച്ച ത്. 9 ജില്ലകളിലൂടെ 410 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ചാണ് കേളകത്തു നിന്നുള്ള സംഘം പരുമല യിലെ കബറിങ്കൽ എത്തിച്ചേരുന്നത്.

പരിശുദ്ധന്റെ നാമത്തിൽ ഡൽഹിയിലും, മഹാരാഷ്ട്രയിൽ നിന്നും ,ഷാർജാ, മെൽബൺ, യു.കെ മുതലായ പള്ളികളിൽ നിന്നും കേരളത്തിൽ വന്നിട്ട് പദയാത്രയായി പരുമലയിൽ എത്തിച്ചേരുന്നു.





CENTRAL ENGINEERING INSTITUTE & PRIVATE ITI
Mallappally, Pathanamthitta (Dist)
E-Mail : centralitcmlpy@yahoo.co.in, www.centralitc.org
Ph : 0469-2782323, 2681505
Mob : 9496147187

NCVT :Draughtsman/Civil with Auto CAD
:Electrician (Duration : 2 Yrs)

KGCE: Automobile with Wheel Alignment & Wheel Balancing, Electrical Engineering, Civil with AutoCAD, Refrigeration & Air-Conditioning Engineering , Electronics & Communication Engineering (Duration : 2 Yrs)

Job Oriented Course: Automobile Mechanic, Electrician cum plumber, X-ray Welding, CCTV Technician, Auto Electrician, Chain Survey, Total Station Survey, Motor Driving.

Rutronix Computer Course: PGDCA, DCA, PDDTP,MS- Office, Tally (PSC അംഗീകൃതം).

പരുമല തിരുമേനി: വിശുദ്ധനായി ഉയർന്ന ഒരു ജീവിതം

ഫാ. അലക്സാണ്ടർ എബ്രഹാം
(നിരണം ഭദ്രാസന സെക്രട്ടറി)



പരിശുദ്ധനായ പരുമല തിരുമേനി, മലയാള ക്രിസ്ത്യാനികളുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞ ഒരു വിശുദ്ധനാണ്. മുളന്തുരുത്തിയിൽ ജനിച്ച തിരുമേനി, അത്ഭുതകരമായ ഒരു ആത്മീയ വ്യക്തിത്വത്തിന്റെ പ്രതീകമായിരുന്നു. തന്റെ ദൈവപ്രണയവും, അചഞ്ചലമായ വിശ്വാസവും, അവന്റെ പ്രാർത്ഥനകളുടെ ശക്തിയും കൊണ്ട് അദ്ദേഹം മലയാള സമൂഹത്തിന് എക്കാലത്തെയും പ്രചോദനമായി മാറി.

ബാല്യം മുതലേ അദ്ദേഹം സഭാകാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നു. ചെറുപ്പത്തിൽ തന്നെ ദൈവവചനത്തോടും ദൈവിക കാര്യങ്ങളോടും താല്പര്യം പ്രകടിപ്പിച്ച അദ്ദേഹം, ഒരു വൈദീകനായി ജീവിതത്തിൽ ആത്മസമർപ്പണത്തിന്റെയും ദൈവസ്നേഹത്തിന്റെയും പുതിയൊരു യാത്ര ആരംഭിച്ചു. പടിപടിയായി വളർന്ന് മലങ്കരയിലെ ഒരു മെത്രാപ്പോലിത്തായായി. വിശുദ്ധനായി ഉയർന്ന് ഇന്ന് മാനവർക്ക് ആശ്രയമായ ഒരു പരിശുദ്ധനായി പരിലസിക്കുന്നു.

തിരുമേനി ഏറ്റവും പ്രാധാന്യം നൽകിയതും ഇന്ന പ്രചോദനമായി നില്ക്കുന്നതും പ്രാർത്ഥനാ ജീവിതത്തിനായിരുന്നു. ദിനംപ്രതി അദ്ദേഹം ദീർഘനേരം പ്രാർത്ഥനയ്ക്കായി മാറ്റിവെച്ചിരുന്നു. രാവിലെയും വൈകിട്ടും ദൈവവുമായി സംവദിക്കുന്നതിനായി അദ്ദേഹം സമയം മാറ്റിവെച്ചിരുന്നു. ഈ ജീവിതപാഠം അദ്ദേഹത്തിന്റെ ശിഷ്യന്മാരും പിൻ തുടർന്നു. ഇന്ന് വിശ്വാസികളായ നാം പിന്തുടരേണ്ട ഒരു മാതൃകയാണ്.

ആത്മസമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ജീവിതമായിരുന്നു തിരുമേനിയുടേത്. അദ്ദേഹത്തിന്റെ ഭക്ഷണക്രമം പോലും ത്യാഗപൂർവ്വമായിരുന്നു. പതിവായി ഉപവാസവും സമ്പൂർണ്ണ ആത്മസമർപ്പണവും ഉള്ള ജീവിതം അദ്ദേഹം നയിച്ചു. അതുകൊണ്ട് തന്നെ അദ്ദേഹം മാനസികവും ആത്മീയവും ആയ ശക്തിയിൽ ഒരു മാതൃകയായിരുന്നു. തിരുമേനിയുടെ ജീവിതം നമ്മുടെ ദൈവിക ഇച്ഛകൾക്കും ലക്ഷ്യങ്ങൾക്കും അനുസരിച്ച് ജീവിക്കാൻ ഉള്ള ഒരു ആത്മീയ മാതൃകയാണ്. അദ്ദേഹം പറയുന്നതുപോലെ, 'ദൈവത്തിൽ സംശയം നൂറിൽ ഒരിക്കൽ പോലും വരാതിരിക്കണം, കാരണം അവന്റെ ഇച്ഛയാണ് എല്ലാ ജീവനും'.

പരുമല തിരുമേനിയുടെ ജീവിതത്തിൽ മറ്റൊരു വലിയ ശ്രദ്ധേയതയായിരുന്നു രോഗികൾക്കും നിസ്സഹായർക്കും അദ്ദേഹത്തിൽ നിന്ന് ലഭിച്ച ആശ്വസനവും സമാധാനവും. ഇന്നും അത് തുടരുന്നു. മരണം ഒരു വിശുദ്ധന്റെ ജീവിതത്തിലൂടെ എത്രത്തോളം ഭയരഹിതമായ കാര്യമാണെന്ന് തിരുമേനി നമ്മെ പഠിപ്പിക്കുന്നു. 'ജീവിതം ദൈവത്തിന്റെ സമർപ്പണം ആണ്, മരണം അതിലെ വെറും ഭാഗം മാത്രമാണ്' എന്ന അദ്ദേഹത്തിന്റെ വാക്കുകൾ പ്രചോദിപ്പിക്കുന്നു.

ആ പരിശുദ്ധ ജീവിതത്തിൽ നിന്നുള്ള പ്രചോദനം ഇന്നും നമ്മുടെ മനസ്സിൽ വിളങ്ങുകയാണ്. തിരുമേനി അവശേഷിപ്പിച്ച ആത്മീയ പൈതൃകം ഇന്നും നിലനിൽക്കുന്നു.

> **പരുമല തിരുമേനിയുടെ ജീവിതത്തിൽ മറ്റൊരു വലിയ ശ്രദ്ധേയതയായിരുന്നു രോഗികൾക്കും നിസ്സഹായർക്കും അദ്ദേഹത്തിൽ നിന്ന് ലഭിച്ച ആശ്വസനവും സമാധാനവും. ഇന്നും അത് തുടരുന്നു. മരണം ഒരു വിശുദ്ധന്റെ ജീവിതത്തിലൂടെ എത്രത്തോളം ഭയരഹിതമായ കാര്യമാണെന്ന് തിരുമേനി നമ്മെ പഠിപ്പിക്കുന്നു.**

പരുമല പള്ളി കൊടിയേറ്റും വെറ്റിലയും

സനോജ് വർഗീസ്

പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി അവസാനമായി നടത്തിയത് ഒരു വിവാഹ കുദാശയായിരുന്നു വിയപുരം പള്ളിയിൽ. ആ കുദാശക്കിടയിൽ വാഴ്ത്തിയ വിവാഹമോതിരം താഴെ വീണു പോയി.

അതിൽ ഒരു അശുഭലക്ഷണം പരിശുദ്ധന്റെ മനസ്സിൽ തെളിഞ്ഞു. അമ്പരന്നു നിന്ന വിശ്വാസികളോട് തിരുമേനി പറഞ്ഞു :

'ഇപ്പോൾ നടന്ന അശുഭലക്ഷണം ഇവർക്കോ നിങ്ങൾക്കോ ദോഷമാകില്ല മറിച്ച് എനിക്കു വരാനുള്ള ദോഷത്തിനും ദുരിതത്തിനും മുന്നോടിയാണ്..'

വിവാഹ കുദാശ കഴിഞ്ഞു തിരികെ അഴിപ്പുരയിൽ എത്തിയ തിരുമേനിയുടെ ശരീരത്ത് വസൂരി പിടിപെട്ടു തുടങ്ങി. തനിക്കു വരാനിരിക്കുന്ന ദോഷം മുൻകൂട്ടി തിരിച്ചറിഞ്ഞ ആ മുനിവര്യൻ എല്ലാ ചികിത്സയും നിഷേധിച്ചു എന്നു മാത്രമല്ല,

'ഇതു തന്നത് ദൈവമെങ്കിൽ, ദൈവം തന്നെ ഇത് തന്നെ തിരികെ എടുത്തു കൊള്ളും എന്ന് എല്ലാവരോടും ഉറപ്പിച്ചു പറഞ്ഞു.

കൊച്ചുതിരുമേനിയുടെ രോഗവിവരം അറിഞ്ഞെത്തിയ വിശ്വാസി സമൂഹം ആകെ ധർമ്മസങ്കടത്തിൽ ആയി. ദേശാമോട്ടാകെ ഉള്ള വൈദ്യന്മാർ കിണഞ്ഞു പരിശ്രമിച്ചെങ്കിലും, തിരുമേനി ചികിത്സ വേണ്ടെന്ന നിലപാടിൽ നിന്നും തെല്ലുമേ മാറിയില്ല.

കൊച്ചു തിരുമേനിയോടുള്ള ഭയഭക്തി ബഹുമാനങ്ങൾ ഏറെയുള്ള ഒരു ബ്രാഹ്മണ വൈദ്യൻ ഈ സമസ്യയിൽ നിന്നും തിരുമേനിയെയും, പരിശുദ്ധനെ സനേഹിക്കുന്ന സമൂഹത്തെയും കരകയറ്റുവാൻ ഒരു ഉപാധി കണ്ടെത്തി. ടിയാൻ കൊച്ചുതിരുമേനിയോടു ഇപ്രകാരം പറഞ്ഞു ; 'അങ്ങേക്ക് ചികിത്സ വേണ്ടങ്കിൽ വേണ്ട എങ്കിലും ഞാൻ പറയുന്ന ഒരു കാര്യം അങ്ങ് ചെയ്താൽ വളരെ നന്നായിയിരുന്നു.' സാധുവായ അദ്ദേഹത്തിന്റെ വാക്കുകൾ കൊച്ചുതിരുമേനി കൈകൊണ്ടു. വൈദ്യർ പറയും പോലെ ചെയ്യാം എന്ന് തിരുമേനി സമ്മതിക്കുകയും ചെയ്തു. തൻപ്രകാരം വൈദ്യർ കൊച്ചുതിരുമേനിയോടായി ഇങ്ങനെ പറഞ്ഞു : 'അങ്ങ് കിടക്കുന്ന ഈ കിടക്കയിൽ വെറ്റില വിതറി അതിൽ കിടക്കുക.'

അദ്ദേഹം പറഞ്ഞ മാത്രയിൽ തിരുമേനി അനുസരിക്കുകയും, അത്ഭുതവഹമായി വസൂരി രോഗം പൂർണ്ണമായി മാറുകയും ചെയ്തു.

കൊച്ചുതിരുമേനി വീണ്ടും ഉർജ്ജസ്വലനായി ജീവത്തിലേക്കു തിരികെ എത്തിയത് വിശ്വാസി സമൂഹത്തിനു വലിയ ആശ്വാസമായി.

ക്രൈസ്തവ ജീവിതം സഹനങ്ങളുടേതാണെന്നും, ആ സഹനങ്ങളിലൂടെ വിശുദ്ധ ജീവിതത്തിനുടമകളാകണമെന്നുമുള്ള ശക്തമായ ഓർമ്മപ്പെടുത്തൽ.



പരുമല തിരുമേനിയുടെ സാമൂഹിക പ്രതിബദ്ധത

കേരള നവോത്ഥാന ശില്പികളായി ശ്രീനാരായണ ഗുരുവിനെയും ചട്ടമ്പിസ്വാമികളെയും മറ്റും ഉയർത്തിക്കാണിക്കുമ്പോൾ അവർക്കു മുമ്പേതന്നെ ജാതിവ്യവസ്ഥയ്ക്കും, ഉച്ചനീചത്വങ്ങൾക്കും എതിരായി നിലകൊള്ളുവാനും ശബ്ദമുയർത്താനും പരുമല തിരുമേനിക്കു കഴിഞ്ഞു.

അഡ്വ. ബിജു ഉമ്മൻ
(അസോസിയേഷൻ സെക്രട്ടറി)

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ (1849 ജൂൺ 15) ജനിക്കുകയും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ (1902 നവംബർ 2) അന്തരിക്കുകയും ചെയ്ത പരിശുദ്ധ പരുമല തിരുമേനി അൻപത്തിമൂന്നുവർഷക്കാലം മാത്രമാണ് ഇവിടെ ജീവിച്ചത്. തിരുമേനിയുടെ ശ്രദ്ധ സഭാപരമായ കാര്യങ്ങളിൽമാത്രം ഒതുങ്ങിനിൽക്കാതെ വിദ്യാഭ്യാസസാമൂഹിക രംഗത്തേക്കും പതിഞ്ഞിരുന്നു എന്നുമാത്രമല്ല, ആ രംഗത്ത് തന്റെ വ്യക്തിമുദ്ര പതിപ്പിക്കുവാൻ തക്ക നീക്കങ്ങൾ വരുത്തുകയും ചെയ്തു.

തന്റെ കാലഘട്ടത്തിൽ സമൂഹത്തിലുണ്ടായിരുന്ന പല ദുഷ്പ്രേരണകൾക്കും ദുരാചാരങ്ങൾക്കുമെതിരെ ശക്തമായി പ്രതികരിക്കുകയും അവ ഇല്ലായ്മ ചെയ്ത് മനുഷ്യരാശിയെ ആകമാനം അവയിൽ നിന്ന് മോചിതരാക്കുവാൻ ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തു. ദളിതരുടെ ഉന്നമനത്തിനായി അക്ഷീണം പ്രയത്നിച്ചു. വിദ്യാഭ്യാസനിലവാരം ഉയർത്തുകയാണ് അന്ധവിശ്വാസങ്ങളേയും ദുരാചാരങ്ങളെയും ചെറുത്തുതോൽപ്പിക്കാനുള്ള ആയുധമെന്ന് മനസ്സിലാക്കി വിദ്യാലയങ്ങൾ സ്ഥാപിച്ചു. തുമ്പമൺ പ്രദേശത്തെ മസൂരിബാധയുടെ സമയത്തും പരുമല തിരുമേനിക്ക് രോഗികളോടുള്ള അനുകമ്പ വെളിവായിട്ടുള്ളതാണ്. പ്രാർത്ഥനയുടെ ശക്തിയാൽ അനേകർക്ക് സൗഖ്യം നൽകിയ പുണ്യാത്മാവായിരുന്നു.

ജാതിവ്യവസ്ഥയും, അതിന്റെ അടിസ്ഥാനത്തിലുള്ള അനവധി അനാചാരങ്ങളും നിലനിന്ന കാലത്ത് വിദ്യാഭ്യാസം ആദർശനിഷ്ഠമായിരിക്കണമെന്നും അതു അമൂല്യ ധനമാണെന്നും തിരുമേനി

കരുതിയിരുന്നു. അദ്ദേഹം എഴുതി. 'മക്കൾക്കു വിദ്യ ഉണ്ടാക്കി കൊടുക്കുമെങ്കിൽ അതു മതി. സകലത്തിലും സകല പ്രവൃത്തിയിലും നന്മ മാത്രം വിചാരിക്ക.. മക്കളെയും അതുതന്നെ ഗുണ ദോഷിച്ചു പഠിപ്പിക്ക. മടിച്ചാൽ പിന്നെ പഠിത്തത്തിനു കയറ്റമുണ്ടാകയില്ല.' വിദ്യാഭ്യാസം വഴി കൈവരിക്കാവുന്ന നന്മയും പുരോഗതിയും നന്നായി മനസ്സിലാക്കിയ തിരുമേനി വിദ്യാലയങ്ങൾ

സ്ഥാപിക്കുന്നതിനും മുൻകൈയെടുത്തു. മുളന്തുരുത്തി സെന്റ് തോമസ് സ്കൂളാണ് തിരുമേനി ആദ്യം സ്ഥാപിച്ചത്. സുറിയാനി സമുദായം വകയായി ആദ്യം ഉണ്ടായ സ്കൂളും ഇതുതന്നെ. രണ്ടാമതു സ്ഥാപിച്ചത് കുന്നംകുളത്തായിരുന്നു. തെക്കൻ ഭദ്രാസനങ്ങളുടെ ചുമതല വഹിച്ച തിരുമേനി ഈ പ്രദേശത്തും വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ശ്രദ്ധിച്ചു. തുമ്പമൺ എം.ജി. സ്കൂൾ അങ്ങനെ ഉയർന്നുവന്നതാണ്. തിരുവല്ല എം.ജി.എം. സ്കൂൾ സ്ഥാപിക്കുന്നതിനു മുമ്പ് തിരുമേനി ദിവംഗതനായി.

പ്രാർത്ഥനയും ഉപവാസവും നടത്തി അന്തേവാസിയായി കഴിയുന്ന ഒരു താപസൻ അല്ലായിരുന്നു അദ്ദേഹം. സമൂഹത്തിന്റെ നിലവാരത്തെ വിലയിരുത്തുകയും അവിടെ ദൃശ്യമായിരുന്ന ഉച്ച നീചത്വങ്ങളെ ശക്തിയായി എതിർക്കുകയും ചെയ്തു. അയിത്തം, തീണ്ടൽ തുടങ്ങിയ ദുരാചാരങ്ങൾ നിലനിന്നിരുന്ന കാലത്ത് താഴ്ന്ന ജാതിക്കാർക്ക് രാജവീഥിയിൽക്കൂടി നടക്കുന്നതിനുപോലും വിലക്കുള്ള അവസ്ഥ! മഹാത്മാഗാന്ധി ഹരിജനോദ്ധാരണത്തിനു മുൻകൈ എടുക്കുന്നതിനു മുമ്പായിത്തന്നെ ഈ രംഗത്ത് ശബ്ദമുയർത്തിയ ആളാണ് പ പരുമലതിരുമേനി.

ഊർശലേം യാത്രയ്ക്കുശേഷം തിരുമേനി പരുമലയിൽ നടത്തിയ സുപ്രസിദ്ധ പ്രസംഗത്തിൽ യാത്രയുടെ അനുഭവം അനുസ്മരിച്ച ശേഷം ഒന്നാമനായി ഉന്നയിച്ച സംഗതി ശ്രദ്ധേയമാണ്. 'ക്രിസ്ത്യാനികളായ നാം ചെയ്യേണ്ടത് എന്തെല്ലാമാണെന്ന് ആലോചിക്കാം. ഈ നാട്ടിൽ അജ്ഞാനികളായ ദാരിദ്ര്യത്തിൽ മുഴുകി പാപം ചെയ്തും കഷ്ടപ്പെട്ടും വസിക്കുന്ന അനവധി ആളുകളുണ്ട്. താഴ്ന്ന ജാതിക്കാരനും പറഞ്ഞു വരുന്ന പുലയർ മുതലായവർക്ക് രാജപാതയിൽ സഞ്ചാര മോ, സമസൃഷ്ടങ്ങളോട് അടുപ്പമോ സാദ്ധ്യമല്ലാതെ ആണിരിക്കുന്നത്. ഈ സാധുക്കൾക്ക് സത്യമായ ദൈവവിശ്വാസം ഉണ്ടാകേണ്ടതും അവരുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും അവർക്ക് അറി വുണ്ടാക്കിക്കൊടുത്ത് അവരെ പാപങ്ങളിൽനിന്നും കുറ്റങ്ങളിൽ നിന്നും രക്ഷക്കേണ്ടതും നമ്മുടെ മുഖ്യമായ കർത്തവ്യമാകുന്നു. ഇവരെ ക്രിസ്തുമതത്തിൽ ചേർത്ത് ഇവർക്ക് പ്രത്യേകം പള്ളികൾ തൽക്കാലം ഉണ്ടാക്കിക്കൊടുക്കണം. ഇവരുടെ ഇപ്പോഴത്തെ താഴ്ന്ന സ്ഥിതിയിൽനിന്ന് ഇവർ ഉയർന്നു വരുന്നതോടുകൂടി ഇവരെയും നമ്മുടെ പള്ളിയിൽ പ്രവേശിപ്പിച്ചുകൊള്ളും. പള്ളിക്കൂടങ്ങളും ആദ്യം പ്രത്യേകമായും പിന്നീട് സാധാരണമായും കൊടുക്കണം. ഈ വിഷയത്തിൽ നാംചെയ്തിട്ടുള്ള ശ്രമം വളരെ വർദ്ധിപ്പിക്കാനുണ്ട്. ഇവരുടെ ഇടയിൽ സുവിശേഷപ്രസംഗം നടത്തണം.'

കേരള നവോത്ഥാന ശില്പികളായി ശ്രീനാരായണ ഗുരുവിനെയും ചട്ടമ്പിസ്വാമികളെയും മറ്റും ഉയർത്തിക്കാണിക്കുമ്പോൾ അവർക്കു മുമ്പേതന്നെ ജാതിവ്യവസ്ഥയ്ക്കും, ഉച്ചനീചത്വങ്ങൾക്കും എതിരായി നിലകൊള്ളുവാനും ശബ്ദമുയർത്താനും പരുമല തിരുമേനിക്കു കഴിഞ്ഞു. മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനമൊന്നും അലങ്കരിച്ചില്ലെങ്കിലും, പരുമല തിരുമേനിയുടെ ശബ്ദം മലങ്കര സഭ മാത്രമല്ല കേരള ജനത ശ്രദ്ധിക്കുവാൻ തക്ക ഔന്നത്യം അദ്ദേഹം ആർജ്ജിച്ചിരുന്നു. പരുമല തിരുമേനിയുടെ സാമൂഹിക പ്രതിബദ്ധത എന്നും മാതൃകാപരമാണ്. ഈ നീതിമാന്റെ ഓർമ്മ നമുക്ക് വാഴ്വിനായി തീരട്ടെ.

പരുമല തിരുമേനിയുടെ കബർ

MIND SOLUTION CLINIC
Centre for Counseling & Psychotherapy

സേവനങ്ങൾ
- അമിതമായ മാനസിക സമ്മർദ്ദം, ഉത്കണ്ഠ, വിഷാദം
- ദാമ്പത്യ-ലൈംഗിക പ്രശ്നങ്ങൾ
- കുട്ടികൾക്കായുള്ള കരിയർ കൗൺസിലിംഗ്, പഠന-പെരുമാറ്റ പ്രശ്നങ്ങൾക്കുള്ള മാർഗ്ഗനിർദേശങ്ങൾ
- കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേകം കൗൺസിലിംഗ്

എല്ലാ പ്രായക്കാർക്കും അനുയോജ്യവും, ഫലപ്രദവുമായ കൗൺസിലിംഗ്, സൈക്കോതെറാപ്പി എന്നിവ ഇവിടെ ലഭ്യമാണ്.
നിങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരങ്ങൾ കണ്ടെത്താൻ ഇന്ന് തന്നെ ഞങ്ങളെ ബന്ധപ്പെടുക.

വിലാസം: മൈൻഡ് സൊല്യൂഷൻ ക്ലിനിക്, കാരിക്കോട്ട് ബിൽഡിംഗ്സ്, ആലുംതുരുത്തി, തിരുവല്ല
ഫോൺ +91 8891282666, 8891282555
വെബ്സൈറ്റ് : www.mindsolutionclinic.com

BenJoe Bricks
Karikkottu BenJoe Industries
Industrial Estate, Kollakadavu, Mavelikara. Pin-690509
Mobile No : 8547024429, 9207044429, 9847444429, 9847044429
12" X 8" X 8", 12" X 8" X 6" AND 12" X 8" X 4" SIZES OF CONCRETE SOLID BRICKS ARE AVAILABLE.
Concrete Doors, Windows & Arches for Churches, Auditorium etc.

The entrepreneurship for the new fenture First of its kind
Anns Convention Centre A/C
+91 9961019000
+971 506503690 (UAE)
accparumala@gmail.com
www.annsconventioncentre.com
Weddings : Wedding receptions
Engagement Functions : Birthday parties
Exhibitions : Fashion shows
Cultural Programmes : Concerts
Corporate events.....think of space...think of ambience...there is a solution... ANNS
On the side of Thiruvalla – Mavelikara Road at Cycle mukku (Between Parumala & Niranam)
We'll take care of your needs well............

നിങ്ങളുടെ സൗന്ദര്യത്തെ പുതുക്കാൻ ഒരു പുതിയ അനുഭവം
18 വർഷത്തെ സേവന പാരമ്പര്യമുള്ള Women's World Beauty Parlour ഇനി പുതിയ രൂപത്തിലും പുതിയ ഭാവത്തിലും പുതിയ നാമത്തിലും
Miracle Beauty Lounge
UNISEX MAKEOVER STUDIO
First Floor, A.R. Complex, Undaplavu Jn., Podiyadi, Thiruvalla
Ph: +91 7994 88 40 66, 9526 14 44 06
where every look is a miracle
UNIXEX WEDDING MAKE-UP | PARTY MAKE-UP & STYLING | HYDRA FACIAL | SPECIAL FACIALS
BODY SPA | BODY POLISHING | HAIR SPA | HAIR TREATMENT | HAIR EXTENSION
HAIR STYLING | HAIR CUT | HAIR COLOURING | NAIL EXTENSION | MANICURE | PEDICURE
FOOT SPA | TATTOO & MICROBLADING | EAR PIERCING | EAR LOBBING ETC.
Vasantha Pradeep # 79948 84066
MUA-Cine/Serial Makeup Artist, Mrs. Kerala 2022, 2023 Fame MUA
Specialized in Bridal Makeup Look

ADMISSION
20 YEARS OF TRUSTFUL SERVICES
CANAAN CAREER INFORMATION CENTRE
H.O. Mallappally - Opp. SBI, Bus Stand Road, Mallappally
Email : rajanjs1963@gmail.com
Branches : Ranny, Konni, Trivandrum, Mangalore, Puliyanmala (Idukki)
Call : 0469 2081776, 9447189626, 8086250005, 9447689626, 8289895626, 7902319626, 8157023093
Admission for all Professional Colleges
MEDICAL, DENTAL, NURSING, PARAMEDICAL, DEGREE, MANAGEMENT, ENGINEERING

AARON'S TIMES & MOBILES
ALAMTHURUTHY 9207558760 | PODIYADI 9207558761, 0469 2999340
MOBILE | WATCH | CLOCK
TIMEPIECE SALES & SERVICE
Mobile/Dish Recharge, Photostat, Gift & Fancy Items, Remote
Issac Varghese (Ani) aaronmobiles25@gmail.com